ആലപ്പുഴ

10. ആലപ്പുഴ നോർത്ത്

കോട്ടയം

11. കിടങ്ങൂർ

കൊച്ചി സിറ്റി

12. കളമശ്ശേരി

പാലക്കാട്

13. മലമ്പുഴ

മലപ്പുറം

14. പെരിന്തൽമണ്ണ

കോഴിക്കോട് സിറ്റി

15. നടക്കാവ്

കോഴിക്കോട് റൂറൽ

16. പയ്യോളി

വയനാട്

17. ബത്തേരി

18. മീനങ്ങാടി

കാസർഗോഡ്

19. നീലേശ്വരം

20. കുമ്പള

(ഡി) മാതൃകാ പോലീസ് സ്റ്റേഷനുകളിൽ റിസപ്ഷൻ സംവിധാനം ഏർപ്പെടുത്തി പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികൾക്ക് രസീത് നൽകുന്നുണ്ട്. പരാതിയുമായി വരുന്ന പൊതുജനങ്ങളോട് സൗമ്യമായി പെരുമാറുന്നതിനും അവർക്ക് ഇരിപ്പിടം നൽകുന്നതിനും കുടിവെള്ളം കൊടുക്കുന്നതിനും മറ്റും നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ റസിഡൻഷ്യൽ അസോസിയേഷനുകളുമായി സഹകരിച്ച് കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നുണ്ട്. തിരുവനന്തപുരം സിറ്റിയിലെ മാതൃകാപോലീസ് സ്റ്റേഷനുകളിൽ കമ്പ്യൂട്ടർ സൗകര്യത്തോടുകൂടി റിസപ്ഷൻ കൗണ്ടറുകൾ പ്രവർത്തിച്ചുവരുന്നു. മാതൃകാ പോലീസ് സ്റ്റേഷനുകളിൽ പകൽ സമയത്ത് പാറാവ് ഡ്യൂട്ടി മാറ്റി റിസപ്ഷൻ കൗണ്ടർ ആയി പ്രവർത്തിക്കുന്നു.

സബ്സിഡികൾ കുറയ്ക്കരുതെന്ന നിർദ്ദേശം

24 (*174)ശ്രീ. പി. രാഘവൻ :

ശ്രീ. എം.വി. ജയരാജൻ :

ശ്രീ. വർഗ്ഗീസ് വൈദ്യർ :

ശ്രീ. പി.കെ. കുമാരൻ :

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) ആറാമത് അന്തർ സംസ്ഥാന കൗൺസിൽ യോഗത്തിൽ സംസ്ഥാന ഗവണ്മെന്റുകൾ സബ്സിഡികൾ കുറയ്ക്കാമെന്നതു സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം പ്രധാനമന്ത്രി മുന്നോട്ട് വച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ മേഖലകളിലെ സബ്സിഡികളാണ് കുറയ്ക്കാൻ നിർദ്ദേശമുണ്ടായതെന്ന് വെളിപ്പെടുത്തുമോ;

(സി) സബ്സിഡികളും സൗജന്യങ്ങളും കുറയ്ക്കുന്നതു സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായമെന്തെന്ന് അന്തർ സംസ്ഥാന കൗൺസിൽ യോഗത്തിൽ വ്യക്തമാക്കിയിരുന്നുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാന ഗവണ്മെന്റുകൾ പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾക്ക് പൊതുജനങ്ങളിൽ നിന്നും പണം പിരിക്കണമെന്ന് എന്തെങ്കിലും നിർദ്ദേശം അന്തർസംസ്ഥാന കൗൺസിൽ യോഗത്തിൽ ഉയർന്നു വന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) 2000 മേയ് 20-ന് ചേർന്ന അന്തർ സംസ്ഥാന കൗൺസിലിന്റെ ആറാമത് യോഗത്തിൽ പ്രധാനമന്ത്രി ചെയ്ത പ്രസംഗത്തിൽ സബ്സിഡികളുടെ തോത് ഗണ്യമായി കുറയ്ക്കുന്നതിനുവേണ്ടി പ്രയാസമേറിയ ചില തീരുമാനങ്ങൾ കേന്ദ്ര സർക്കാർ തലത്തിൽ കൈക്കൊണ്ടിട്ടുണ്ടെന്നും ഇത്തരം നടപടികൾ കൈക്കൊള്ളാൻ സംസ്ഥാന സർക്കാരുകളും തയ്യാറാകണമെന്നും വേഗത്തിൽ നടപടി സ്വീകരിച്ച് സാമ്പത്തികസ്ഥിതി നേരെയാക്കാനും സംസ്ഥാനങ്ങളോട് പ്രധാനമന്ത്രി ഉപദേശിച്ചു.

(ബി) താഴെപ്പറയുന്ന മേഖലകളിലാണ് അടിയന്തിരമായി സബ്സിഡികൾ കുറയ്ക്കാൻ നിർദ്ദേശമുണ്ടായത്. (1) ഊർജ്ജമേഖല(2)സേവനങ്ങൾക്ക് പൊതുജനങ്ങളിൽനിന്നും ഈടാക്കുന്ന തുക (3) പൊതുമേഖലാസ്ഥാപനങ്ങളുടെ നടത്തിപ്പു കൂടാതെ സർക്കാർ ഉദ്യോഗസ്ഥന്മാരുടെ എണ്ണം കുറയ്ക്കാനും നിർദ്ദേശമുണ്ടായി.

(സി) കേരളത്തിൽ പൊതുവിതരണ സമ്പ്രദായത്തിൽ വിതരണം ചെയ്യുന്ന ഭക്ഷ്യ ധാന്യങ്ങളുടെ വില, അവയ്ക്കു നൽകിയിരുന്ന സബ്സിഡികൾ പിൻവലിച്ചതിനെ തുടർന്ന് ക്രമാതീതമായി വർദ്ധിപ്പിച്ചിട്ടുണ്ടെന്നും പൊതു വിതരണത്തിനാവശ്യമായ ഭക്ഷ്യ ധാന്യങ്ങളുടെ പര്യാപ്തത ഉറപ്പാക്കുന്നില്ല എന്നതും സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഗൗരവമേറിയ പ്രശ്നങ്ങളാണെന്ന് അറിയിച്ചിട്ടുണ്ട്. കാലാകാലങ്ങളിലുണ്ടാകുന്ന നയമാറ്റങ്ങൾക്കതീതമായി, കേരളത്തിന് ആവശ്യമായ തോതിൽ, ന്യായവിലയ്ക്ക് ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. പുത്തൻസാമ്പത്തിക നയങ്ങളുടെ പശ്ചാത്തലത്തിൽ ദേശീയ തലത്തിലുള്ള ഇന്നത്തെ 'ഭക്ഷ്യധാന്യ മാനേജ്മെൻറ്' ദുർബ്ബലമാകാൻ ഇടനൽകാതെ അതിനെ കൂടുതൽ ശക്തിപ്പെടുത്തേണ്ടത് ആവശ്യമാണെന്നുള്ള സംസ്ഥാനത്തിന്റെ അഭിപ്രായം അറിയിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. സർക്കാർ നൽകുന്ന സേവനങ്ങൾക്ക് പൊതുജനങ്ങളിൽ നിന്നും ഈടാക്കുന്ന തുക അത്തരം പ്രവർത്തനങ്ങൾക്കുള്ള ചെലവിൽ മതിയാകുന്നവിധം യുക്തിപൂർവ്വമാക്കേണ്ടതുണ്ടെന്ന് പ്രധാനമന്ത്രി ചെയ്ത പ്രസംഗം സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly